## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3045    10.05.2017- ൽ മറുപടിയ്ക്ക്

### ശ്രുതി തരംഗം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.സത്യൻ**<br>**ശ്രീ. പി. ഉണ്ണി**<br>**ശ്രീ. മുരളി പെരുനെല്ലി**<br>**ശ്രീ.പുരുഷൻ കടലുണ്ടി.** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ശ്രവണ വൈകല്യമുള്ള കുട്ടികൾക്കായി ശ്രുതി തരംഗം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) യും (ബി) യും | ഉണ്ട്.<br>സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ടി പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.<br>1. 0-3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ദ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.<br>2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ താഴെയായിരിക്കണം.<br>3. ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ കുട്ടികളെ കോക്ലിയാർ ഇംപ്ലാന്റേഷന് ശുപാർശ ചെയ്തിട്ടുണ്ടായിരിക്കണം. കുട്ടിക്ക് കോക്ലിയാർ ഇംപ്ലാന്റേഷന്റെ വിജയത്തെ ബാധിക്കുന്ന |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | വൈദ്യശാസ്ത്രപരമായ മറ്റ് പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.<br>4. കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷന് ശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലനപരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന തുടർ ചികിത്സയായ ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം.<br>5. ശ്രുതിതരംഗം പദ്ധതിയെപ്പറ്റി മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200/- രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം. |
| (സി) | ഇത്തരം കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ നടത്തുന്നത് എതെല്ലാം ആശുപത്രികളിലാണെന്നും ഇവരെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്നും വ്യക്തമാക്കാമോ; | (സി) | ചുവടെപ്പറയുന്ന സർക്കാർ/പ്രൈവറ്റ് ആശുപത്രികളെയാണ് ശ്രുതിതരംഗം പദ്ധതിയ്ക്കായി എംപാനൽ ചെയ്യപ്പെട്ടിട്ടുള്ളത്.<br>1. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.<br>2. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.<br>3. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം.<br>4. കിംസ് ആശുപത്രി, തിരുവനന്തപുരം.<br>5. ഡോ.നൗഷാദ്സ് ഇ.എൻ.ടി. ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ, എറണാകുളം.<br>6. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം.<br>7. വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രി, തൃശ്ശൂർ.<br>8. അസെന്റ് ഇ,എൻ,ടി. ആശുപത്രി, പെരിന്തൽമണ്ണ.<br>9. ഡോ.മനോജ്സ് സൂപ്പർ സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ, കോഴിക്കോട്.<br>10. മിംമ്സ് ആശുപത്രി, കോഴിക്കോട്.<br>കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ നടത്തുവാൻ സൗകര്യമുള്ള ആശുപത്രികൾ ശ്രുതിതരംഗം പദ്ധതി പ്രകാരം എംപാനൽ ചെയ്യുന്നതിനായി നിശ്ചിത രീതിയിലുള്ള അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ച |

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ പരിശോധന നടത്തുന്നതിനായി മൂന്നു റീജിയണൽ ഇൻസ്പെക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി ആശുപത്രികളിൽ നേരിട്ടെത്തി പരിശോധിച്ച് സർജറി നടത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങളും യോഗ്യതയുള്ള ഡോക്ടർമാരും സ്പീച്ച് തെറാപ്പിസ്റ്റുമുണ്ടെങ്കിൽ ശുപാർശ ചെയ്ത റിപ്പോർട്ട് കേരളസാമൂഹ്യസുരക്ഷാ മിഷന് സമർപ്പിക്കണം. പ്രസ്തുത റിപ്പോർട്ടും അപേക്ഷയും എംപാനൽ ചെയ്യുന്നതിനുമുള്ള ശുപാർശ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ സമർപ്പിക്കുന്ന പ്രൊപ്പോസൽ വിശദമായി പരിശോധിച്ച ശേഷം എംപാനൽ ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. |
| (ഡി) | എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഇത്തരം ശസ്ത്രക്രിയ ചെയ്യുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും അത്യാവശ്യ ഉപകരണങ്ങൾ വാങ്ങുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ശ്രുതിതരംഗം പദ്ധതി പ്രകാരം സർജറി നടത്തുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. ഈ മൂന്നു ആശുപത്രികളെയും ഈ പദ്ധതിക്കായി എംപാനൽ ചെയ്തിട്ടുണ്ട്. തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ പശ്ചാത്തല സൗകര്യം ഒരുക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ.**